LIBRARY ARCHIVES Kerala Legislative Assembly

കുമ്പള, മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിലെ കേസ്സുകൾ

105 (3132) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ കുമ്പള, മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിൽ ഏതൊക്കെ വില്ലേജുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിലെ വില്ലേജുകൾ

1) ഹൊസബട്ട, 2) ബങ്കര മഞ്ചേശ്വരം, 3) കുഞ്ചത്തൂർ, 4) ഉദ്യാവാർ, 5) ബഡാജെ, 6) പാവൂർ, 7) കടമ്പാർ, 8) കളിയൂർ, 9) കോളിയൂർ, 10) വോർക്കാടി, 11) കൊഡലമൊഗറു, 12) പാത്തൂർ, 13) മജീബയൽ, 14) മൂടംബയൽ, 15) തലക്കള, 16) ഉപ്പള, 17) മുളിഞ്ച, 18) കോടിബയൽ, 19) കുളൂർ, 20) ബേക്കൂർ, 21)മീഞ്ച, 22) പൈവളിഗ, 23) ചിപ്പാർ, 24) ബായാർ.

കുമ്പള പോലീസ് സ്റ്റേഷൻ പരിധിയിലെ വില്ലേജുകൾ- 1) ഷിറിയ, 2) ഇച്ചിലംകോട്, 3)ഹേരൂർ, 4) ബംബ്രാണ, 5) ഉജ്ജാർ ഉളുവാർ, 6) കിദൂർ, 7) ആരിക്കാടി, 8) കൊയിപ്പാടി, 9) എടനാട്, 10) പുത്തിഗെ, 11) അംഗടിമുഗർ, 12) കണ്ണൂർ, 13) മൊഗ്രാൽ, 14) ഇച്ചിലംപാടി, 15) മംഗൽപാടി, 16) കബന്നൂർ, 17) കൈയ്യാർ, 18) കടാൽമെർക്കള.

(ബി) കുമ്പള, മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിലെ ജനസംഖ്യ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2011 വർഷത്തെ സെൻസസ് പ്രകാരം മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിൽ 15,10,321 (പതിനഞ്ച് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന്)-ഉം കുമ്പള പോലീസ് സ്റ്റേഷൻ പരിധിയിൽ 92,403 (തൊണ്ണൂറ്റി രണ്ടായിരത്തി നാനൂറ്റിമൂന്ന്)-ഉം ആണ് ജനസംഖ്യ.

(സി) പ്രസ്തുത സ്റ്റേഷനുകളിൽ 2020 ജനുവരി മുതൽ 23-7-2021 വരെയായി എത്ര എഫ്.ഐ.ആർ. അഥവാ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; മേൽകാലയളവിൽ പ്രസ്തുത സ്റ്റേഷനുകളിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച പരാതികളിൽ കേസ്സെടുക്കാതെ ഒത്തുതീർപ്പാക്കിയ പരാതികൾ ഉണ്ടോ; എങ്കിൽ അവ എത്രയെന്ന് സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു. *

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പാസ്പോർട്ട് സംബന്ധമായ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് പ്രസ്തുത സ്റ്റേഷനുകളിൽ 1-1-2020 മുതൽ 23-7-2021 വരെ എത്ര ഫയലുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ 4988 അപേക്ഷകളുടെയും കുമ്പള പോലീസ് സ്റ്റേഷനിൽ 4188 അപേക്ഷകളുടെയും ഫയലുകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(ഇ) കുമ്പള, മഞ്ചേശ്വരം പോലീസ് സ്റ്റേഷനുകളുടെ പരിധി വളരെ വലുതായതിനാൽ ക്രമസമാധാനപാലനത്തിനും ലഹരി ഗ്രൂപ്പുമാഫിയകളുടെ പ്രവർത്തനങ്ങൾ തടയുന്നതിനും രാത്രികാല പട്രോളിംഗിനും പോലീസുദ്യോഗസ്ഥർക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോലീസുകാർക്ക് സ്റ്റേഷൻ പരിധിയിലെ പ്രദേശങ്ങളിലേയ്ക്ക് വേഗത്തിൽ എത്തിപ്പെടുന്നതിനുള്ള ബുദ്ധിമുട്ടുകളുണ്ടോ എന്ന് വ്യക്തമാക്കുമോ?

യാത്രാ ബുദ്ധിമുട്ടുകളുണ്ടെങ്കിലും പ്രദേശത്തെ ക്രമസമാധാന പരിപാലനത്തിന് തൃപ്തികരമായ എണ്ണം പോലീസ് ഉദ്യോഗസ്ഥരുടെ സേവനം നിലവിൽ ലഭ്യമാണ്.

(എഫ്) ഒരു പോലീസ് സ്റ്റേഷൻ വിഭജിച്ച് പുതിയ സ്റ്റേഷൻ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ജനസംഖ്യ, ഭൂമിശാസ്ത്രപരമായ വിസ്തൃതി, കുറ്റകൃത്യങ്ങളുടെ സ്വഭാവം, എണ്ണം, പോലീസ് സ്റ്റേഷന്റെ ആവശ്യകത തുടങ്ങിയവ പരിശോധിച്ചാണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്.

(ജി) മഞ്ചേശ്വരം, കുമ്പള എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിധിയിലുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തി ഉപ്പളയിലോ പൈവളിഗെയിലോ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച പ്രൊപ്പോസൽ ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; മഞ്ചേശ്വരം, കുമ്പള എന്നീ പോലീസ് സ്റ്റേഷനുകളുടെ ഭാഗങ്ങൾ ഉൾപ്പെടുത്തി അഥവാ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly